**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 245** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് ഭൂമി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അന്യാധീനപ്പെട്ടതും കാലങ്ങളായി പലരും കൈയ്യടക്കി വച്ചിരിക്കുന്നതുമായ എത്ര ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ 32 കുടുംബങ്ങൾക്കായി 1 ഏക്കർ 15 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലൊന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അന്യാധീനപ്പെട്ടതും കാലങ്ങളായി പലരും കൈവശം വച്ചിട്ടുള്ളതുമായ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത കാലയളവിൽ ഭൂമിക്ക് അർഹതയുള്ള എത്ര പേരുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല അപേക്ഷകളുടെ എണ്ണം 1 കൊല്ലം 9 2 പത്തനംതിട്ട 75 3 ആലപ്പുഴ 50 4 എറണാകുളം 49 5 പാലക്കാട് 63 6 മലപ്പുറം 20 7 കോഴിക്കോട് 4 8 കാസർഗോഡ് 2778 ആകെ 3048 മറ്റ് ജില്ലകളിലൊന്നും (എ) പിരിവ് പ്രകാരമുള്ള ഭൂമി പതിവിന് അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (സി) | ഏറ്റെടുത്ത ഭൂമി കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ഒഴികെയുള്ള ഒരു ജില്ലയിലും ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുത്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ഏറ്റെടുത്ത ഭൂമി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## <u>വിശദീകരണ കുറിപ്പ്</u>

കോഴിക്കോട് ജില്ലയിൽ 32 കുടുംബങ്ങൾക്കായി 1 ഏക്കർ 15 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലൊന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അന്യാധീനപ്പെട്ടതും കാലങ്ങളായി പലരും കൈവശം വച്ചിട്ടുള്ളതുമായ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ഏറ്റെടുത്ത ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.